(ബി) അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) ഉണ്ട്.

(ഡി) കിഴക്കേകോട്ട, മെഡിക്കൽകോളേജ്, നീറമൺകര, സ്റ്റാച്യു, തമ്പാനൂർ, വി.ജെ. ടി. ഹാൾ, കോട്ടൺ ഹിൽ സ്ക്കൂൾ, ജനറൽ ആശുപത്രി.

(ഇ) സബ്വേകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(എഫ്) 'സെസി'ന്റെ റിപ്പോർട്ടിലെ വിശദാംശങ്ങൾ സർക്കാർ അപഗ്രഥിച്ചു കൊണ്ടിരിക്കുന്നു.

വരൾച്ചയും ശുദ്ധജലക്ഷാമവും

23 (*144) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച നേരിടാൻ സർക്കാർ എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ശുദ്ധജലക്ഷാമം അനുഭവപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) വരൾച്ച രൂക്ഷമാകുന്ന പ്രദേശങ്ങളിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) :

(എ,ബി&സി) ഈ വർഷം ഇതുവരെ സംസ്ഥാനത്തിന്റെ ഒരു ഭാഗത്തും വരൾച്ചയോ അതുമൂലമുള്ള കുടിവെള്ളക്ഷാമമോ അനുഭവപ്പെടുന്നതായി ഒരു ജില്ലാ കളക്ടറും റിപ്പോർട്ടുചെയ്തിട്ടില്ല. എന്നാൽ ഈ വർഷം സംസ്ഥാനത്ത് വരൾച്ചയും കുടിവെള്ളക്ഷാമവും ഉണ്ടാകുകയാണെങ്കിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 15-1-2001-ലെ 1691/കെ 3/2001/ആർ. ഡി. നമ്പർ സർക്കുലർ പ്രകാരം എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സർക്കുലറിന്റെ പകർപ്പ് *അനുബന്ധമായി* ചേർത്തിരിക്കുന്നു. †

കെട്ടിടനികുതി പിരിക്കുന്നതിനുള്ള അധികാരം

24 (*145) ശ്രീ. എം. കെ. മുനീർ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പുമുഖേന പിരിച്ചുകൊണ്ടിരുന്ന കെട്ടിടനികുതി പിരിക്കുന്നതിനുള്ള അധികാരം തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ ;

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കൈമാറിയിട്ടുണ്ടെങ്കിൽ പല താലൂക്കുകളിലും റവന്യൂ വകുപ്പു തന്നെ ഇപ്പോഴും നികുതി പിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) ഇപ്രകാരം നികുതി പിരിക്കാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) കൈമാറിയിട്ടില്ലെങ്കിൽ ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ അധികാരം കൈമാറാൻ നടപടി സ്വീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) :

(എ) ഇല്ല.

(ബി,സി&ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പരിശോധനയിലാണ്.

വനംവകുപ്പിന്റെ കീഴിൽ ആയുർവേദ ഔഷധസസ്യത്തോട്ടം

25 (*146) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് വനസംരക്ഷണ വകുപ്പിന്റെ കീഴിൽ ആയുർവേദ പച്ച മരുന്ന് തോട്ടങ്ങൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അവ എവിടെയൊക്കെ സ്ഥിതി ചെയ്യുന്നു ;

(ബി) വനനശീകരണത്തിന്റെയും പരിസ്ഥിതി പ്രശ്നങ്ങളുടെയും ഫലമായി നാശം നേരിട്ടുകൊണ്ടിരിക്കുന്ന പച്ചമരുന്നുകളുടെ സംരക്ഷണത്തിനും കൂടുതൽ ലഭ്യതയ്ക്കുമായി വനം വകുപ്പ് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ വ്യക്തമാക്കാമോ ;

(സി) സാമൂഹ്യവനവൽക്കരണ പരിപാടിയുടെ ഭാഗമായി ഔഷധസസ്യങ്ങൾ വളർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതൊക്കെ പ്രദേശങ്ങളിലാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഔഷധ സസ്യങ്ങളുടെ സംരക്ഷണത്തിനും കൂടുതൽ ലഭ്യതയ്ക്കും പുതിയ പച്ചമരുന്നുതോട്ടങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി ഡെൻമാർക്ക് ഗവൺമെന്റിന്റെ വിദേശ സഹായസംഘടനയായ "ഡാനിഡ"യുമായി സഹകരിച്ചു കൊണ്ട് സംസ്ഥാനത്ത് ആയുർവേദ ഔഷധസസ്യ സംരക്ഷണ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly